## സൗരോർജ്ജ നയം

51 (396) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൗരോർജ്ജ നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സൗരോർജ്ജത്തിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാണ് ലഭ്യമിട്ടിട്ടുള്ളത് ;

(ഡി) പ്രസ്തുത നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സൗരോർജ്ജനയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ലഭ്യമായ സൗരോർജ്ജം പരമാവധി ഉപയോഗിക്കുക.
2. കാർബൺ എമിഷൻ കുറച്ചുകൊണ്ട് പരമാവധി ഊർജ്ജ സുരക്ഷ ഉറപ്പ് വരുത്തുക.
3. സോളാർ ഊർജ്ജവുമായി ബന്ധപ്പെട്ട മേഖലകളിൽ നേരിട്ടും അല്ലാതെയുമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
4. ഈ മേഖലകളിൽ പുതിയ കണ്ടുപിടിത്തവുമായി ബന്ധപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുക.

(സി) സംസ്ഥാനത്ത് സൗരോർജ്ജത്തിൽനിന്നും 2017-ടെ 500 മെഗാവാട്ടും 2030-നകം 2500 മെഗാവാട്ടും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ഉതകുന്ന സ്ഥാപിതശേഷി കൈവരിക്കുന്നതിനാണ് സൗരോർജ്ജനയംവഴി ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത നയം പ്രകാരം രൂപീകരിച്ച സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ ആദ്യയോഗം അഡീഷണൽ ചീഫ് സെക്രട്ടറി (ഊർജ്ജം) യുടെ അദ്ധ്യക്ഷതയിൽ ചേരുകയും സ്വീകരിക്കേണ്ട അനന്തര നടപടികളെ സംബന്ധിച്ച് ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ കൈക്കൊള്ളുകയുമുണ്ടായി :

1. കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിലെ 300 ഏക്കർ സ്ഥലത്ത് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പദ്ധതി പ്രദേശത്തെ ഭൂവുടമകളുടെ വിവരങ്ങൾ ശേഖരിക്കുവാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകുകയും തുടർന്ന് പദ്ധതി സ്ഥാപിക്കുന്നതിനായി ഭൂവുടമകളുടെ കമ്പനി രൂപീകരിക്കുകയും ചെയ്തു.

2. സോളാർ പോളിസിയിലെ ഖണ്ഡിക 6.7 പ്രകാരം ബിൽഡിംഗ് റൂളും ബിൽഡിംഗ് ബൈലോയും മാറ്റം വരുത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകി.

3. സൂര്യപ്രകാശം തീവ്രമായി ലഭിക്കുന്ന വ്യാവസായിക പ്രദേശങ്ങളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടു.

കൂടാതെ, സോളാർ പോളിസിയിൽ ലക്ഷ്യമിട്ട സ്ഥാപിതശേഷി കൈവരിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

## സൗരോർജ്ജ വികസന പദ്ധതികൾ

**52 (397)** ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജ ദൗർലഭ്യം പരിഹരിക്കുന്നതിന് സൗരോർജ്ജ മേഖലയിൽ ഈ സർക്കാർ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ ;

(ബി) ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾ സ്വന്തം നിലയിൽ സൗരോർജ്ജ സംവിധാനങ്ങൾ വീടുകളിൽ സ്ഥാപിക്കുമ്പോൾ സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly